ജലവിഭവ വകുപ്പ്
കേരള സർക്കാർ

ജലനിധി

# ജലതരംഗം

വാർത്താപത്രിക

മാർച്ച് 2017
ലക്കം 1 പുസ്തകം 3

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)

RPMU, കണ്ണൂർ



ചന്ദ്രൻ വി
റീജിയണൽ പ്രൊജക്ട് ഡയറക്ടർ
ആർ.പി.എം.യു.
കണ്ണൂർ

## മുഖക്കുറിപ്പ്

വ്യത്യസ്തമായ ഒരു പദ്ധതി എന്ന നിലക്കാണ് ജലനിധി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഇത് തികച്ചും അനുയോജ്യമായ ഒരു തീരുമാനമായിരുന്നുവെന്ന് ബോധ്യമാവും. അത്രയ്ക്ക് സവിശേഷമായ ഒരു സംവിധാനമായി ജലനിധിമാറിക്കഴിഞ്ഞു. പക്ഷേ നാം പലപ്പോഴും മറന്നുപോകുന്ന അല്ലെങ്കിൽ ശ്രദ്ധിക്കാൻ മിനക്കെടാത്ത ഒരു കാര്യമുണ്ട്. ഒരു പുതിയ ആശയത്തിലൂന്നി ഒരു കാര്യം ചെയ്യാൻ ശ്രമിക്കുമ്പോൾ എങ്ങനെ അത് പ്രവൃത്തിപഥത്തിൽ എത്തിച്ചേരും എന്നുള്ളത്. അന്നുവരെ ഇല്ലാത്തഒരു പുതിയ വഴി വെട്ടിത്തെളിച്ച് എടുക്കേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമാക്കാൻ ചിലരെങ്കിലും മുന്നിട്ടിറങ്ങിയേ പറ്റൂ. വഴിതെളിയിച്ചാൽ മാത്രം കാര്യം തീരുന്നുമില്ല. ആ പുതുവഴിയിലൂടെ നടക്കാൻ ഒരു സമൂഹത്തെ തയ്യാറെടുപ്പിക്കുകയും നയിക്കുകയും വേണം. ഇങ്ങിനെ പുതിയ പന്ഥാവിലൂടെ ജനങ്ങളെ നടത്തിക്കൊണ്ടുപോയാണ് ജലനിധി അതിന്റെ ഫലസമൃദ്ധിയിലേക്ക് എത്തിച്ചേർന്നത്.

ഏതാനും വാക്കുകളിൽ പറഞ്ഞു തീർത്തെങ്കിലും അത്ര എളുപ്പമുള്ള സംഗതികളല്ലയെന്നു നമുക്ക് അറിയാം. കൃത്യമായി ശമ്പളം വാങ്ങിജോലിചെയ്യുന്നവരുടെ കാര്യം മാറ്റിനിർത്തിയാൽ മറ്റുകുറേപ്പേരുടെ പ്രതിഫലേച്ഛ കൂടാതെയുള്ള കഠിനാദ്ധ്വാനവും, അർപ്പണബോധവുമാണ് ഓരോ പദ്ധതിയുടേയും പൂർത്തീകരണത്തിന് പിന്നിൽ നമുക്ക് കാണാൻ സാധിക്കുക. എല്ലാ പ്രതിബന്ധങ്ങളെയും നേരിട്ട് അവർ നടത്തിയ സേവനങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല.

പക്ഷെ, ഇനിയാണ് യഥാർത്ഥപ്രശ്നം ആരംഭിക്കുന്നത്. ഇത്രയും കാര്യങ്ങൾ ചെയ്യാൻ കഴിയുമ്പോഴേക്കും ലക്ഷ്യം പൂർത്തികരിച്ചു എന്ന ധാരണയിലേക്ക് എല്ലാവരും എത്തിച്ചേരുന്നു. എന്നാൽ യഥാർത്ഥത്തിൽ അത് വളരെ അകലെയാണുതാനും. വളരെ പ്രതീക്ഷയോടെ രൂപപ്പെടുത്തിയ പുതിയ വഴിയിലൂടെ ആർജ്ജവത്തോടെ നടക്കാൻ സമൂഹം തയ്യാറായില്ലെങ്കിൽ ആ വഴികൊണ്ട് എന്തു പ്രയോജനം? ആ വഴി സൃഷ്ടിക്കുന്നതിന് അർപ്പിച്ച അദ്ധ്വാനത്തിന് പിന്നെ എന്തു വില? തൊട്ടടുത്ത ദിവസം മുതൽ വഴി വീണ്ടും കാടു മൂടാൻ അനുവദിക്കാമോ ?

ഇവിടെയാണ് നമ്മൾ ശരിക്കും ഉണർന്നു പ്രവർത്തിക്കേണ്ടത്. മറ്റു വഴികൾ പ്രയോജനപ്പെടുത്താത്ത നാം ഇവിടെ ഗൗരവതരമായി ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ ലക്ഷ്യം ഒരു പുതുവഴി വെട്ടുന്നതായിരുന്നോ? അതോ ഒരു സമൂഹത്തെ അതിലൂടെ നയിക്കുക എന്നതാണോ?

യഥാർത്ഥലക്ഷ്യം രണ്ടാമത്തേതാണ് എന്നുള്ളതിന് ചർച്ചയുടെ ആവശ്യമേ ഇല്ല. ഇവിടെ നമ്മുടെ അദ്ധ്വാനം, ത്യാഗം, ആത്മസമർപ്പണം എല്ലാം ഫലപ്രാപ്തിയിലെത്തണം.

അതിലേക്കാവട്ടെ നമ്മുടെ പ്രയാണം. നമ്മൾ ജലനിധിയിൽ എന്തൊക്കെ നേടി എന്ന് അഭിമാനിക്കുന്നുവോ, അതൊക്കെ നിലനിർത്താൻ, അടുത്ത തലമുറക്ക് കൈമാറാൻ നമുക്ക് ഒത്തൊരുമിച്ച് കൈകോർത്ത് മുന്നേറാം. നാം നിർമ്മിച്ച പുതുവഴിയിലൂടെ ഒരു തലമുറ പ്രയാണം ചെയ്യുന്നത് ആത്മനിർവൃതിയോടെ നോക്കിക്കാണാൻ അവസരം സൃഷ്ടിക്കാം.

## സുസ്ഥിര വികസനത്തിന്റെ അനിവാര്യത

ജീവൻ ബാബു IAS
ജില്ലാ കളക്ടർ, കാസർഗോഡ്



ഏതൊരു വികസനവും സുസ്ഥിരവും പുരോഗമനാത്മകവും ആയിരിക്കണം. ജനകീയ പങ്കാളിത്തം പദ്ധതികളിൽ ഉറപ്പാക്കുക എന്നതുകൊണ്ട് ലക്ഷ്യംവയ്ക്കുന്നത് ഇതു തന്നെയാണ്. ഏതെങ്കിലും ഒരു സാങ്കേതിക വിദഗ്ദ്ധന്റെ ആശയത്തിൽ ഉദിക്കുന്ന പദ്ധതി ബഹുജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഒരു വികസന പ്രക്രിയയാണ് രാജ്യത്ത് അനുവർത്തിച്ചു പോരുന്നത്. ഇത് ജനങ്ങളുടെ ആവശ്യത്തിനുതകുന്നതോ പ്രദേശത്തിനു യോജിച്ചതോ ആയിക്കൊള്ളണമെന്നില്ല. സ്വാഭാവികമായും ഈ പദ്ധതികൾ ഏറ്റെടുക്കാൻ ആളുകളില്ലാതെ കാലഹരണപ്പെട്ട് അകാല മൃത്യു വരിക്കുകയാണ് പതിവ്.

വികസന പ്രവർത്തനങ്ങൾ സുസ്ഥിരമാകണമെങ്കിൽ തുടർ പ്രവർത്തനങ്ങൽ അനിവാര്യമാണ്. തുടർ പ്രവർത്തനങ്ങൾ കൃത്യതയോടെ നടക്കണമെങ്കിൽ അതിനനുയോജ്യമായ ശക്തവും വ്യക്തതയുള്ളതുമായ ഒരു നേതൃനിര പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനുണ്ടാവണം. ഈ നേതൃത്വം എന്നു പറയുന്നത് പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും തുടർ നടത്തിപ്പിലും പങ്കാളിത്തം വഹിക്കേണ്ടതുണ്ട്. ഇതൊരു തുടർപ്രക്രിയയാണ്. സമയബന്ധിതമായി നടപ്പാക്കേണ്ടുന്ന ഒന്ന്. കർമ്മനിരതരായ, നിസ്വാർത്ഥരായ ഒരുപറ്റം ആളുകളെ സൃഷ്ടിച്ചെടുക്കാനായാൽ ഇതെളുപ്പമാകും.

അതിമനോഹരവും നൂതനവും ആയ പദ്ധതികൾ രൂപകല്പന ചെയ്യാൻ സമർത്ഥരായ സാങ്കേതിക വിദഗ്ദ്ധന്മാർക്ക് കഴിയും. അതുകൊണ്ടു നടക്കുന്നതിന് ശക്തമായ നേതൃനിര ഇല്ലെങ്കിൽ ഇവ പാഴായിപോവാനേ തരമുള്ളൂ. എന്നാൽ സാങ്കേതികമായി വിജയകരമല്ലാത്ത ഒന്നാണെങ്കിലും ഭാവനാ സമ്പന്നമായ നേതൃത്വമാണെങ്കിൽ പിഴവുകൾ പരിഹരിച്ച് പ്രവർത്തനം ഫലപ്രദമാക്കിത്തീർക്കും.

നമ്മുടെ വികസന കാഴ്ചപ്പാടിൽ ഈ മാറ്റം അടിയന്തിരമായി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ജലനിധിയുടെ പ്രവർത്തനങ്ങൾ ഇവിടെയാണ് ➡

പ്രസക്തമാകുന്നത്. ആസൂത്രണത്തിലും നടത്തിപ്പിലും തുടർനടത്തിപ്പിലും കൃത്യമായ പങ്കാളിത്തം ഉറപ്പാക്കികൊണ്ട് കാസർഗോഡ് ജില്ലയിൽ മാത്രം 10 പഞ്ചായത്തുകളിലായി 80 കുടിവെള്ള പദ്ധികളിൽ നിന്നും 19052 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നത് ചെറിയ കാര്യമല്ല. അനേകം മറ്റു അനുബന്ധ പദ്ധികളും ഇതിന്റെ ഭാഗമായി നടക്കുന്നു. നൂറുകണക്കിനു വരുന്ന ഊർജ്ജസ്വലരായ നേതാക്കൾ, പ്രവർത്തകർ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതി സുസ്ഥിരവും ജനകീയവുമാക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന എല്ലാവരേയും ആത്മാർത്ഥമായി അഭിനന്ദനം അറിയിക്കുന്നു.



KRWSA എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ എ.ആർ അജയകുമാർ IAS




# സഹായ സംഘടനയായി വളർന്ന നെന്മേനി ശുദ്ധജല വിതരണ സൊസൈറ്റി

**ബിജു കെ.സി.**
എക്സിക്യൂട്ടീവ് സെക്രട്ടറി

വറ്റാത്ത നീരുറവകൾ, നെൽവയലുകൾ ഇടതൂർന്ന നിത്യ ഹരിത വനങ്ങൾ എന്നിവയുടെ നാടായിരുന്ന വയനാട്, പ്രകൃതിക്ക് മനുഷ്യർ ഏൽപ്പിച്ച ആഘാതം തിരിച്ച് അനുഭവിക്കേണ്ടി വരുന്നതിലുള്ള അങ്കലാപ്പിലാണ്. സ്വാഭാവികമായും ഇതിന്റെ പ്രതിഫലനങ്ങൾ നെന്മേനിയിലും എത്തി. പ്രകൃതിക്ക് ഉണ്ടായ ഈ മാറ്റം കുടിവെള്ളത്തിനായി ദൂരങ്ങളിൽ പോകേണ്ട അവസ്ഥയിലേക്ക് ഗ്രാമവാസികളെ എത്തിച്ചു.

ഗ്രാമപഞ്ചായത്തിൽ 2005 വരെ വാട്ടർ അതോറിറ്റിയുടെ രണ്ട് ഗ്രാമീണ കുടിവെള്ള പദ്ധതികളും 52 ചെറുകിട പദ്ധതികളുമാണ് കുടിവെള്ളത്തിനായി ഉണ്ടായിരുന്നത്. പൂർണ്ണമായും കുടിവെള്ളം ലഭ്യമാക്കാൻ ഈ പദ്ധതികൾ കൊണ്ട് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് "ജലനിധി" (കേരള സർക്കാർ നടപ്പിലാക്കുന്ന സമ്പൂർണ്ണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി) 2005 ൽ ആരംഭിക്കുന്നത്. ഈ പദ്ധതിയിൽ 79 ഗുണഭോത്കൃത സംഘങ്ങളുണ്ടായിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള നെൻമേനി ഗ്രാമീണ കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്ത് മുഖാന്തരം ഗുണഭോക്തൃ കമ്മിറ്റിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. ഈ പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തികൾ ചെയ്യുന്നതിനും തുടർനടത്തിപ്പിനുമായി രൂപീകരിച്ച ഗുണഭോക്തൃസംഘമാണ് "നെന്മേനി ശുദ്ധജല വിതരണ സൊസൈറ്റി"

നെന്മേനി ശുദ്ധജല വിതരണ സൊസൈറ്റിയിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത കമ്മിറ്റി 22.02.2006 ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തികളും വിപുലീകരണവും പൂർത്തിയാക്കി 2007 ഡിസംബർ 1 മുതൽ പരിപൂർണ്ണമായ നടത്തിപ്പും ഗ്രാമപഞ്ചായത്തിൽ നിന്നും സൊസൈറ്റിയിലേക്ക് മാറി. ഗ്രാമപഞ്ചായത്തിലെ 18 വർഡുകളിലായി 68 പൊതുടാപ്പുകളുമുണ്ട്. ദിനംപ്രതി 3000ത്തോളം കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു.

സൊസൈറ്റി മറ്റു കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന്റെ ഭാഗമായി നെന്മേനി ഗ്രാമപഞ്ചായത്തിലെ കളന്നൂർകുന്ന് പ്രദേശത്ത് പ്രവർത്തനം നിലച്ചിരുന്ന പട്ടംചിറ ഗ്രാമീണ കുടിവെള്ള പദ്ധതി, നമ്പ്യാർ കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി, നമ്പ്യാർകുന്ന് കല്ലൂർ ഗ്രാമീണ കുടിവെള്ള പദ്ധതി, പുത്തൻകുന്ന് മാക്കുറ്റി കുടിവെള്ള പദ്ധതി, ചീരാൽ മുത്താച്ചിക്കുനി കുടിവെള്ള പദ്ധതി, പുത്തൻ കുന്ന് പുഞ്ചവയൽ കുടിവെള്ള പദ്ധതി എന്നിവയുടെ മുഴുവൻ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തി വരുന്നു. നിർജ്ജീവമായ കൂടുതൽ പദ്ധതികൾ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചു വരുന്നു.

**ജീവസ്പർശം (കുടുംബ സഹായ പദ്ധതി)**

നെന്മേനി ഗ്രാമപഞ്ചായത്തിലെ 18 വർഡുകളിലായി പ്രവർത്തനം നടത്തുമ്പോൾ രോഗബാധയാൽ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സൊസൈറ്റിയുടെ ഗുണഭോക്താക്കളും അല്ലാത്തവരുമായ ധാരാളം കുടുംബങ്ങളെ കാണാനും അറിയാനും കഴിഞ്ഞു. ഇത്തരത്തിലുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജീവസ്പർശം. ഇതിന് ആവശ്യമായ ധനശേഖരണം ഇപ്പോൾ ഓരോ ഗുണഭോക്താവും മാസംതോറും നൽകുന്ന 5 രൂപയും ജീവനക്കാർ നൽകുന്ന വിഹിതവും സൊസൈറ്റിയുടെ ചെറിയ തുകയും ചേർന്നതാണ്. ഇതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ചീരാൽ അർബൻ ബാങ്ക് ശാഖയിൽ തുടങ്ങി നിലവിൽ 1000 രൂപാതോതിൽ മാസംതോറും 12 കുടുംബങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ കിടപ്പ് രോഗികൾക്ക് ആശ്വാസം പകരുന്നതിന് അവർക്ക് വേണ്ട എയർബെഡ്, വാട്ടർ ബെഡ്, വീൽ ചെയർ, വാക്കർ തുടങ്ങിയവ ഫ്രീയായി നൽകുകയും അവരുടെ ആവശ്യത്തിന് ശേഷം തിരിച്ച് വാങ്ങി മറ്റുള്ളവർക്ക് നൽകുകയും ചെയ്യുന്ന ഒരു ഹെൽപ്പ് ഡസ്ക്കായും പ്രവർത്തിച്ച് വരുന്നു.

**സഹായ സംഘടന**

കർമ്മ മേഖലയിലെ അംഗീകാരമായി നെൻമേനി ഇന്നൊരു സഹായ സംഘടനയാണ്. തൃശ്ശൂർ ജില്ലയിലെ ആറ് പഞ്ചായത്തുകളെ കോർത്തിണക്കി നടപ്പിലാക്കുന്ന മാള മൾട്ടി ജി.പി. പദ്ധതിയുടെ സഹായ സംഘടനയായി NSJVSനെ ജലനിധി തിരഞ്ഞെടുത്തിരിക്കുകയാണ്. ആറ് പഞ്ചായത്തുകളിലുമായി 30000ത്തോളം ഗുണഭോക്താക്കളാണ് ഉള്ളത്. നെൻമേനിയുടെ അനുഭവങ്ങൾ പകർന്നു നൽകുന്നതിനുള്ള അവസരമായി ഇതിനെ കാണുകയാണ്.

ജലവിതരണം എന്നതിനപ്പുറം സമൂഹത്തിലെ എല്ലാ ദൈനംദിന പ്രശ്നങ്ങളിലും ഇടപെട്ടു പ്രവർത്തിക്കുന്ന ഒരു ബഹുമുഖ പ്രവർത്തന രൂപമുള്ള സംഘടനയാണ് NSJVS ലക്ഷ്യം വയ്ക്കുന്നത്. അതിലേക്കുള്ള ദൂരം കുറയുകയാണ്, പൂർണ്ണമായും ജനപങ്കാളിത്തവും ശാസ്ത്രീയവും അടുക്കും ചിട്ടയുമായ പ്രവർത്തനങ്ങളിലൂടെ.

(2017 ൽ ജലദിനത്തോടനുബന്ധിച്ച് ജലനിധി ഏർപ്പെടുത്തിയ 'ജലനിധി ഹീറോ' പുരസ്കാരത്തിന് അർഹനായ ആളാണ് ലേഖകൻ.)



# കേരളം ഇനിയും വരളണോ?



**ഷാജി കെ.വി.**
ടീം ലീഡർ
പൂതാടി, വയനാട്

മനുഷ്യന് വായു കഴിഞ്ഞാൽ ഒഴിച്ചു കൂടാൻ സാധിക്കാത്ത ഒന്നാണ് ജലം. ജനസംഖ്യ വർദ്ധിക്കുന്തോറും ജലത്തിന്റെ ഉപഭോഗം കൂടി വരുന്നു. ഏതു വിധേനയും ജലം ലഭ്യമാക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂടുന്നു. പ്രതിവർഷം ഭൂമിക്കടിയിലേക്ക് ആഗിരണം ചെയ്യുന്ന ജലത്തെക്കാൾ പതിൻമടങ്ങ് നാം ഊറ്റിയെടുക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിലുള്ള അമിത ജല ഉപയോഗവും തൻമൂലമുള്ള ശോഷണവും ഗുരുതരമായ വരൾച്ചയും പാരിസ്ഥിതിക അസന്തുലിതാവസ്ഥക്കും നിദാനമാകുന്നു.

**ജലലഭ്യത ചില വസ്തുതകൾ**

മഴയും, മഞ്ഞുപാളികളുമാണ് ജലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ്. ജലം സദാ ചലിച്ചുകൊണ്ടിരിക്കുന്നു. നമുക്കറിയാവുന്നതുപോലെ ഭൂമിയുടെ ഉപരിതലത്തിൽ മൂന്നിൽ രണ്ട്ഭാഗം ജലമാണ്. അതിൽ 97.5% ഉപ്പുവെള്ളമാണ്. 2.5% മാത്രമാണ് ശുദ്ധജലം. ഇതിൽ 77.2% വും മഞ്ഞ് പാളികളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. 22.4% ഭൂർഗർഭ ജലവും ബാക്കി വരുന്ന ശുദ്ധജലം നദികളിലും തടാകങ്ങളിലും അണക്കെട്ടുകളിലുമായി സ്ഥിതിചെയ്യുന്നു.

**മനുഷ്യ ശരീരവും ജലവുമായുള്ള അതീവ പ്രധാന്യമുള്ള ചില കണക്കുകൾ നോക്കിയാൽ**

| | | | |
|---|---|---|---|
| ഭ്രൂണാവസ്ഥയിൽ ജലമാണ് | 100% | കൂടാതെ | |
| | | മനുഷ്യ രക്തത്തിൽ | 83% |
| ഒരു കുട്ടി ജനിക്കുമ്പോൾ | 80% | തലച്ചോറിൽ | 70% |
| പ്രായപൂർത്തിയായ ഒരാൾ | 70% | ശ്വാസകോശം | 90% |
| പ്രായം ചെന്നയാൾ | 50% | ഹൃദയം | 79% |
| | | അസ്ഥികൾ | 22% |
| | | വൃക്കകൾ | 82% |

**അല്പം ചില ദേശീയ /സംസ്ഥാന കണക്കുകൾ**

മഴയാണ് കേരളത്തിന്റെ പ്രാഥമിക ജലസ്രോതസ്സ്. ഇന്ത്യമൊത്തമെടുത്താൽ തെക്കുപടിഞ്ഞാറൻ കാലവർഷമാണ് പ്രധാനമായും മഴക്കാലമായി കരുതുന്നത്. തമിഴ്നാട്ടിലും കേരളത്തിലും വടക്ക് കിഴക്കൻ കാലവർഷം ലഭിക്കുന്നുണ്ട്. ഇന്ത്യയുടെ വാർഷിക മഴ എന്നത് 1190മില്ലി മീറ്ററാണ്. കേരളത്തിൽ ശരാശരി 3000 മില്ലി മീറ്റർ മഴ ലഭിക്കുന്നുണ്ടെന്നാണ് മുൻകാല കണക്കുകൾ. അതായത് കേരളത്തെ മൊത്തം ഒരു പരന്ന പ്രദേശമായി സങ്കൽപിച്ചാൽ 3മീറ്റർ ഉയരത്തിൽ വെള്ളം കെട്ടി നിൽക്കും. 120 ദിവസമാണ് മഴ ദിവസങ്ങൾ എന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഈ വെള്ളത്തിന്റെ സിംഹഭാഗവും നമ്മുടെ 44 നദികളിലൂടെ (പുഴ) കടലിൽ എത്തുന്നു. ഒരു വർഷം ശരാശരി 78000 ദശലക്ഷം ഘനമീറ്റർ വെള്ളം ഇപ്രകാരം ഒഴുകി പോകുന്നു എന്നതാണ് യാഥാർത്ഥ്യം.

നമ്മുടെ നാട്ടിൽ ഒരു സെന്റിൽ ഒരു ലക്ഷത്തിൽ കൂടുതൽ ലിറ്റർ മഴവെള്ളം പെയ്തു വീഴുന്നു. 1000 ച. അടിയുള്ള വീടിനു മുകളിൽ ഒരു വർഷം ഉദ്ദേശം 2.5 ലക്ഷം ലിറ്റർ മഴവെള്ളം വീഴുന്നു എന്നതും കണക്കുകളാണ്. ഒരു വീട്ടിലെ ഉപയോഗത്തിന് ഈ ജലം ധാരാളം മതിയാകും.

- നദീതടങ്ങളിലെ പാരിസ്ഥിതിക സംന്തുലനം നിലനിർത്തുന്നതിനും -പക്ഷിമൃഗാദികളുടെയും സസ്യജാലങ്ങളുടെയും നിലനിൽപ്പിനായി നിശ്ചിത ജലം ഒഴുക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ 4 നദികളും 40 ചെറുനദികളും മാത്രമേ കേരളത്തിൽ ഉള്ളു. ഇവയിലൂടെ 850 കി.മീ. വിസ്തൃതിയിൽ ജലം വ്യാപിച്ചു കിടക്കുന്നു.

ഏകദേശം 50000ത്തോളം സ്വകാര്യ കുളങ്ങളും, 10000ലേറെ പൊതു കുളങ്ങളും 3600ൽപ്പരം അമ്പലക്കുളങ്ങളും 3.5 ലക്ഷം ഹെക്ടർ വിസ്തൃതിയിൽ കായലും 852 ശുദ്ധജല തടാകങ്ങളും 388 സുരങ്കങ്ങളും (Surangams) വർഷം മുഴുവൻ വെള്ളമുള്ള 2400 നീർച്ചാലുകളും കൊണ്ട് ജലസമൃദ്ധമാണെന്ന് ഊറ്റം കൊള്ളുന്ന കേരളീയർ, പക്ഷേ വേനലാരംഭത്തോടെ ഉണ്ടാകുന്ന കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും സൃഷ്ടിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. കഴിഞ്ഞ 115 വർഷത്തിനിടക്ക് ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ വരൾച്ചക്ക് കേരളം സാക്ഷിയാകുകയാണ്. 2016-ൽ അധിവർഷമാണെന്നുള്ള പ്രവചനവും തെറ്റിയത് നാം അറിഞ്ഞെങ്കിലും സെമിനാറുകളും ചർച്ചകളും എന്തിനേറേ സമരങ്ങളും മറ്റും നടത്തി നാം നമ്മുടെ കടമകളിൽ നിന്നും ഒളിച്ചോടുകയാണ്.

സ്വന്തം കൃഷിയിടത്തിൽ പെയ്തു വീഴുന്ന അമൂല്യമായ മഴവെള്ളത്തെ പൊതുസ്ഥലത്തേക്കും അന്യന്റെ കൃഷിയിടത്തിലേക്കും ഒഴുക്കിവിട്ട് ഒരു തുള്ളി വെള്ളം പോലും ഭൂമിക്കടിയിലേക്ക് ഇറങ്ങുവാൻ അനുവദിക്കാതെ മറ്റുള്ളവന്റെ മണ്ണിൽ ആഗിരണം ചെയ്യുന്ന ജലത്തെ സ്വന്തം സ്ഥലത്ത് കിണറും കുഴൽ കിണറുകളും നിർമ്മിച്ച് ഊറ്റിയെടുക്കുകയും, ജലക്ഷാമം ഉണ്ടാകുമ്പോൾ ഇവയുടെ ആഴം കൂട്ടി ജലം തേടി ചെല്ലുകയും മറുവശത്ത് കേരളത്തിന്റെ പരമ്പരാഗതമായ ജലസ്രോതസ്സായ കുളങ്ങൾ നാണ്യവിള കൃഷിക്ക് ഭാരമാകുന്നു എന്ന കാരണത്താൽ നികത്തി, ജലസ്രോതസ്സുകളിലെ മണൽ ഊറ്റിയെടുത്ത് ലാഭം കൊയ്യുമ്പോൾ നാം ഓർക്കുക നമ്മുടെ മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ അബ്ദുൾ കലാം പ്രവചിച്ച 2070-ലെ ഇന്ത്യ 2017 മുതൽ യാഥാർത്ഥ്യമായി തുടങ്ങുകയാണ്.

നദീതടങ്ങളിലെ മണലിന്റെ ആഴമാണ് ഭൂജലസ്രോതസ്സിന്റെ പ്രധാന അളവുകോൽ. കേരളത്തിലെ നദികളിൽ മണലിന്റെ ആഴം വളരെ കുറവാണ്. നിരന്തരമായ മണലൂറ്റൽ വെള്ളത്തിന്റെ കിടക്ക എന്ന് വിശേഷിപ്പിക്കുന്ന ഇവയുടെ ശോഷണം നിമിത്തം ഭൂഗർഭത്തിലേക്ക് ഊർന്നിറങ്ങി പാറകൾ തെളിഞ്ഞ് ജലക്ഷാമം സൃഷ്ടിക്കുന്നു. കൂടാതെ പെയ്ത വെള്ളത്തെ എത്രയും വേഗം കടലിൽ എത്തിക്കുന്ന ചാലായി നമ്മുടെ നദികൾ മാറുന്നു. പ്രതിവർഷം 4174 ദശലക്ഷം ഘനമീറ്റർ ജലം ഒഴുകിയിരുന്ന കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ചന്ദ്രഗിരിപുഴയിൽപോലും ഒരു തരത്തിലുമുള്ള ജലസംരക്ഷണ മാർഗ്ഗം ഇല്ലാ എന്നതും കൂട്ടിവായിക്കണം.

കേരളത്തിന്റെ വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയും ജനസംഖ്യയും ഭൂമിയുടെ തുണ്ടവൽക്കരണവും(Fragmentation) ആധുനിക ജീവിതരീതിയിൽ ഓരോ വീടിന് ചേർന്നുള്ള കിണറും, ഓവർ ഹെഡ് ജലസംഭരണിയും വന്നതോടെ ഉപഭോഗം പതിൻമടങ്ങായി. അതാത് ദിവസം പമ്പ് ചെയ്യുന്ന ജലം 24 മണിക്കൂറിനുള്ളിൽ തീർക്കണമെന്ന വാശി കേരളീയർക്കല്ലാതെ മറ്റാർക്കാണ് ഉള്ളത്.

ബക്കറ്റും കയറും കൊണ്ടുള്ള ജലവിനിയോഗം പമ്പിംഗിലേക്ക് മാറിയതോടെ കുളി എന്നത് നീരാട്ടായി മാറി. കൂടാതെ ചെങ്കുത്തായ നമ്മുടെ ഭൂപ്രകൃതി, കാലാവസ്ഥയിലുള്ള ഏറ്റക്കുറച്ചിൽ, വനനശീകരണം, തണ്ണീർതടങ്ങൾ, കുളം, വയൽ എന്നിവയുടെ നികത്തൽ, മലകളും കുന്നുകളും ഇടിച്ച് വിൽപ്പന നടത്തൽ തുടങ്ങിയവയും നമ്മൾ ഇന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ അനുവർത്തിക്കുന്ന വാണിജ്യ കൃഷിയുമാണ് ജലക്ഷാമത്തിന് കാരണമെന്നത് ഇനിയെങ്കിലും ഓർമ്മിക്കേണ്ടതുണ്ട്.



ജലനിധി ഡോക്യുമെന്ററി നിർമ്മാണത്തിന്റെ സ്വിച്ച്ഓൺ കർമ്മം ബഹു.മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.

# ജലനയം

ജലം ഒരു ദേശീയസമ്പത്താണ്. വർദ്ധിച്ചു വരുന്ന ജലത്തിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള ശാസ്ത്രീയമായ തുല്യത നിലനിർത്താനും ഉറപ്പു വരുത്താനും ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് 1987ൽ ദേശീയ ജലനയം പ്രഖ്യാപിച്ചു. 15 വർഷത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ 2002ൽ ദേശീയ ജലനയം ചില തിരുത്തലുകളോടെ വീണ്ടും നിലവിൽ വന്നു. വീണ്ടും 15 വർഷംകൂടി കഴിഞ്ഞിരിക്കുന്നു. കേന്ദ്ര ജലനയത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് കേരള സംസ്ഥാന ജലനയം 2008- ൽ പ്രാബല്യത്തിൽ വന്നു. ഇതുപ്രകാരം ജലത്തിന്റെ ഉപയോഗ മുൻഗണനാ ക്രമം ഗാർഹികം, കാർഷിക ജലസേചനം, വൈദ്യുത പദ്ധതികൾ, കൃഷി അനുബന്ധ വ്യവസായം മറ്റ് വ്യവസായാവശ്യങ്ങൾ എന്നിങ്ങനെയാണ്.

പ്രഥമ പരിഗണന കുടിവെള്ളത്തിനാണ്. ശുദ്ധമായ കുടിവെള്ളം അത്യാവശ്യം വേണ്ട അളവിൽ ഓരോരുത്തരുടെയും അവകാശമാണ്. 2004 കണക്ക് പ്രകാരം കേരളത്തിന്റെ ഭൂജലത്തിന്റെ അളവ് 6229 ദശലക്ഷം ഘനമീറ്ററാണ്. 2025ൽ കാർഷിക വ്യവസായ ആവശ്യങ്ങൾക്ക് മാത്രമായി 1400 ദശലക്ഷം ഘനമീറ്റർ ജലം വേണ്ടി വരുമെന്നതിനാൽ വളരെ കരുതലോടെ ജലം സംരക്ഷിക്കാനുള്ള നടപടികൾ അനിവാര്യമാണ്. അതിനായി കേരളീയരുടെ മനോഭാവത്തിലും ശീലങ്ങളിലും മാറ്റം വരേണ്ടതുണ്ട്.

# കടൽ വെള്ളം കുടിവെള്ളം



**രേഷ്മ പ്രിയരാജ്**
സാനിറ്റേഷൻ സ്പെഷ്യലിസ്റ്റ്

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമ പഞ്ചായത്ത് ഒരു കടലോര ഗ്രാമപഞ്ചായത്താണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് അറബിക്കടലാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ലഭിക്കുന്നത് ഉപ്പുകലർന്ന കുടിവെള്ളമാണ്. ഒരു കാലത്ത് ശുദ്ധജലം ലഭിച്ചിരുന്ന പ്രദേശം വ്യാപകമായ മണലെടുപ്പ് വഴിയും വീടുകളിൽ മോട്ടോർ ഉപയോഗിച്ചുള്ള പമ്പിംഗ് രീതി വഴിയും കടൽ വെള്ളം കരപ്രദേശങ്ങളിലേക്ക് കടന്നു വരികയും കിണറുകളിൽ ഉപ്പു വെള്ളം എത്തിച്ചേരുകയും ചെയ്തു.




ജലനിധി രണ്ടാം ഘട്ടത്തിൽ ബാച്ച് ഒന്നിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത പഞ്ചായത്താണ് പടന്ന. പടന്ന ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട 140 കുടുംബങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതി രൂപീകരിച്ചു. ഇത്രയും കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യാൻ പര്യാപ്തമായ ഒരു ജലസ്രോതസ്സ് കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിനും ഗുണഭോക്തൃ സമിതിക്കും സാധിച്ചില്ല. ഈ അവസരത്തിലാണ് കടൽ തീരത്ത് കിണർ കുഴിച്ച് ലഭ്യമായ ഉപ്പുവെള്ളം'റിവേഴ്സ് ഓസ്മോസിസ്'(Reverse Osmosis)സാങ്കേതിക വിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് വിതരണ ശൃംഖല സ്ഥാപിച്ചുകൊണ്ട് വീടുകളിൽ വെള്ളം വിതരണം നടത്താനുള്ള പദ്ധതിക്ക് രൂപം നൽകിയത്. 20 ലക്ഷം രൂപ ചിലവഴിച്ചാണ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. ഒരു കുടുംബത്തിന് കുടിക്കുവാനും, ഭക്ഷണം പാകം ചെയ്യുവാനുമായി 100 ലിറ്റർ ശുദ്ധീകരിച്ച ജലം പ്രതിദിനം വിതരണം നടത്തി വരുന്നു.



ആവർത്തന ചിലവ് വളരെ കൂടുതലായ പദ്ധതിക്ക് ഓരോ ഗുണഭോക്തൃ കുടുംബവും 200 രൂപ പ്രകാരം പ്രതിമാസ വെള്ളക്കരം നൽകി വരുന്നു. ആറു വർഷത്തെ പരിപാലനം പ്ലാന്റ് നിർമ്മിച്ചിരിക്കുന്ന ചെന്നൈ ആസ്ഥാനമായ ഓസോൺ ടെക്നോളജീസിനാണ്. കഴിഞ്ഞ രണ്ടുവർഷമായി മാതൃകാപരമായി പ്രവർത്തിക്കുന്നപദ്ധതി ഇപ്പോൾ വാർഡ് വിഭജനത്തിനു ശേഷം നീലേശ്വരം മുനിസിപ്പാലിറ്റിയിലാണ് സ്ഥിതി ചെയ്യുന്നത്.

## ജലനിധി കണ്ണൂർ മേഖല – കുടിവെള്ള പദ്ധതികൾ ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | ജില്ല | പഞ്ചായത്ത് | പദ്ധതികൾ | കുടുംബങ്ങൾ | അടങ്കൽതുക |
|---|---|---|---|---|---|
| 1 | വയനാട് | 11 | 182 | 22512 | 770662592 |
| 2. | കാസർഗോഡ് | 10 | 180 | 19052 | 1004325913 |
| 3. | കണ്ണൂർ | 10 | 187 | 16642 | 754280309 |
| | ആകെ | 31 | 549 | 58206 | 2529368814 |



ഈ ഭൂമി ഒറ്റപ്പെട്ട വ്യക്തികളുടേയോ ഒരു സമൂഹത്തിന്റെയോ ഒരു രാഷ്ട്രത്തിന്റെയോ സ്വത്തല്ല. എന്തിന് ഭൂമിയിലുള്ള എല്ലാ മനുഷ്യരുടേയും കൂട്ടുസ്വത്തുമല്ല അത്. ഭൂമിയുടെ ഗുണഭോക്താക്കൾ മാത്രമാണ് നമ്മൾ. നമുക്ക് ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ വരുംതലമുറകൾക്ക് അത് കൈമാറാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ

– കാറൽ മാക്സ്

*"One best book is equal to hundred good friends but one good friend is equal to a library."*

**-A.P.J. Abdul Kalam**



# കൂട്ടായ്മയിലൂടെ ഒരു റീചാർജ്ജിംഗ്



ജിജി കുര്യൻ
CDS, പൂതാടി

പൂതാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി 11-ാം വാർഡിൽ ചേമ്പും കൊല്ലി പ്രദേശത്ത് 2013 ജൂലൈ മാസത്തിൽ ഗുണഭോക്തൃ സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഗുണഭോക്തൃ സമിതിയിൽ ഉൾപ്പെട്ട ചില അംഗങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കിണറും സംവിധാനങ്ങളും നവീകരിച്ച് ഉപയോഗിക്കാനാണ് പൊതുയോഗം പദ്ധതി തിരഞ്ഞെടുക്കൽ മീറ്റിംഗിൽ (ATD) തീരുമാനമെടുത്തത്.

കിണറിന്റെ ആഴം കൂട്ടൽ വേളയിൽ കരിമ്പാറ കാണപ്പെടുകയും പ്രസ്തുത പാറ 1 $^1/_2$ മീറ്റർ വരെ പൊട്ടിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണച്ചെലവിലുണ്ടായ വൻവർദ്ധനയും പാറപൊട്ടിക്കുന്നതിൽ പ്രദേശവാസികൾക്കുള്ള എതിർപ്പും പരിഗണിച്ച് നിലവിലുള്ള അവസ്ഥയിൽ കിണർ പൂർത്തീകരിച്ചു. കിണറിന് കുറച്ചകലെയായി സ്ഥിതിചെയ്യുന്ന ചെക്ക് ഡാം നവീകരിച്ച് ജലലഭ്യത ഉറപ്പു വരുത്താനും സമിതി തീരുമാനിച്ചു.

കുടിവെള്ള വിതരണം തുടങ്ങിയ കാലംതൊട്ട് 2015 ഡിസംബർ വരെ ആവശ്യാനുസരണം വെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നു. എന്നാൽ വേനലാരംഭത്തോടെ ജലവിതാനം കുറയാൻ തുടങ്ങിയത് ഗുണഭോക്താക്കളിൽ ആശങ്ക സൃഷ്ടിച്ചു.

ബദൽ സംവിധാനം ഒരുക്കുന്നതിലേക്കായി നിരവധി മീറ്റിംഗുകൾ നടന്നു. നിലവിലെ കിണർ വീണ്ടും ആഴം കൂട്ടണമെന്നും അതല്ല, പുതിയ സ്രോതസ്സ് നിർമ്മിക്കണമെന്നുമായി രണ്ടുവാദം ഉയർന്നു. ഇതിനിടയിൽ ജലനിധി സഹായ സംഘടന GPST പ്രതിനിധികൾ പ്രസ്തുത പ്രദേശം വീണ്ടും സന്ദർശിക്കുകയുണ്ടായി.

സാമാന്യം നീരൊഴുക്കുള്ള സമീപത്തെ നീർച്ചാലിന്റെ സാദ്ധ്യതകൾ സമിതി ഭാരവാഹികൾ ചർച്ച ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വാർഡുമെമ്പറുമായ ശ്രീമതി രുഗ്മിണി സുബ്രഹ്മണ്യന്റെ പ്രോത്സാഹനവും ഫലം കണ്ടു. പ്രസ്തുത ജലം എപ്രകാരം കിണറിലേക്ക് റീചാർജ്ജ് ചെയ്യാം എന്നതായി ആലോചനകൾ.

ഈ രംഗത്തെ വിദഗ്ധരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നീർച്ചാലിലെ വെള്ളം അരിച്ചെടുത്ത് കിണറിനോട് ചേർന്നുള്ള ഫിൽട്ടർ യൂണിറ്റിലൂടെ കിണറിലേക്ക് റീചാർജ്ജ് ചെയ്യാനുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തു. കിണറിനോട് ചേർന്ന് കുഴിയെടുത്ത് 1.5 മീറ്റർ ആഴവും 1.5 മീറ്റർ വ്യാസവുമുള്ള കോൺക്രീറ്റ്റിംഗ് സ്ഥാപിക്കുകയും ഉള്ളിൽ 1 മീറ്റർ ഉയരത്തിൽ രണ്ട് ലെയർ ഉരുളൻകല്ല്, മെറ്റൽ, മണൽ, കരി എന്നിവ നിറയ്ക്കുകയും നീർച്ചാലിൽ നിന്നും അരിച്ചെടുത്ത ജലം പി.വി.സി പൈപ്പ് വഴി ഈ ഫിൽട്ടറിംഗ് യൂണിറ്റിൽ എത്തിക്കുകയും ശുദ്ധീകരിച്ച് കിണറിലേക്ക് ജലപരിപോഷണം നടത്തുകയും ചെയ്തു.

ഇപ്പോൾ ജലധാര സമിതിയുടെ കിണറിൽ ആവശ്യത്തിന് വെള്ളമുണ്ട്. കിണറിൽ വെള്ളമില്ല എന്ന് പരിതപിച്ചിരിക്കുകയല്ല ഗുണഭോക്തൃ സമിതി ചെയ്തത് ഇതിനായി ജലനിധി സഹായ സംഘടനയും GPSTയുടെ അഭിപ്രായമാരാഞ്ഞുള്ള മാതൃക വാകേരി ലയൺസ് ക്ലബ്ബിന്റെ സഹായത്തോടെ സമിതി ലക്ഷ്യ പ്രാപ്തിയിൽ എത്തിച്ചു. കടുത്ത ജലക്ഷാമം മൂലം പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുമ്പോഴും ജലധാര ചേമ്പും കൊല്ലി ഗുണഭോക്തൃ സമിതിയുടെ കിണർ ജലസമൃദ്ധം.

ഈ പദ്ധതിയുടെ ഉദ്ഘാടനം പ്രൗഢഗംഭീരമായ ചടങ്ങിൽ പൂതാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശ്രീജ സാബു ഉദ്ഘാടനം ചെയ്തു. ഗുണഭോക്തൃ സമിതി അംഗങ്ങൾ, ലയൺസ് ക്ലബ്ബ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ശേഷം ജലനിധി ടീം ലീഡർ ഷാജി കെ.വി. ജലസംരക്ഷണം ജീവ സംരക്ഷണം വിഷയത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നയിച്ചു.

## PHOTOS



ഐ.സി.ബാലകൃഷ്ണൻ MLA പൂതാടി ഗംഗാ ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം നിർവ്വഹിക്കുന്നു



ലോകബാങ്ക് ഐ.ഇ.സി. കൺസൾട്ടന്റ് വന്ദന മെഹ്റയുടെ കിനാനൂർ കരിന്തളം സന്ദർശനം




നെല്ലിയാംപതിയിലേക്കൊരു യാത്ര



വിരമിക്കുന്ന ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ശ്രീമതി ശ്യാമള മാധത്തിന് ആർ.പി.ഡി. ശ്രീ വി. ചന്ദ്രൻ ഉപഹാരം സമർപ്പിക്കുന്നു.

# ഇത്തിരി ശ്രദ്ധ ഒത്തിരി നേട്ടം



**2017** ലെ വേനൽക്കാലം കഠിനമായ ജലക്ഷാമത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. തോടുകളും കുളങ്ങളും കിണറുകളും വറ്റി വരണ്ടു തുടങ്ങിയിരിക്കുന്നു. ജലസ്രോതസ്സുകളിലെ ഉറവ കുറഞ്ഞു കൊണ്ടിരിക്കുന്നു. ജലനിധി പദ്ധതി വഴി രൂപം കൊടുത്ത കുടിവെള്ള പദ്ധതികൾ വരൾച്ചയെ അഭിമുഖീകരിക്കുവാൻ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നത് ഉചിതമായിരിക്കും.



**ജോർജ്ജ് മാത്യു**
മാനേജർ (സി.ഡി.)

1. ജലസ്രോതസ്സിലെ ജലത്തിന്റെ അളവ് പ്രതിദിന പമ്പിംഗിന് മുൻപും ശേഷവും രേഖപ്പെടുത്തി വയ്ക്കുക.

2. പ്രതിദിന പമ്പിംഗിന് ശേഷം കിണറിലെ ജലവിതാനം ഉയർന്നില്ലെങ്കിൽ പമ്പിംഗ് പുനഃക്രമീകരിക്കുക.

a. 24 മണിക്കൂർ എന്നുള്ളത് പകൽ (രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ)മാത്രമായി പരിമിതപ്പെടുത്തുക.

b. ദിനംപ്രതി രണ്ട് നേരം (രാവിലേയും വൈകുന്നേരവും) എന്നുള്ളത് ഒരു നേരമാക്കുക.

c. പ്രതിദിനം ഒരു നേരം ജലവിതരണം നടത്തുന്ന സമിതികളിൽ വിതരണ സമയം കുറക്കുക.

d. ഒന്നിലധികം സോണുകളിൽ പ്രതിദിനം ജലവിതരണം നടത്തുന്നത് ഒന്നിടവിട്ട ദിവസങ്ങളിലാക്കുക.

e. കുടിവെള്ളത്തിനു മാത്രമായി ജലവിതരണം പരിമിതപ്പെടുത്തുക.

3. ഗാർഹികാവശ്യത്തിനല്ലാതെ ജലം ദുരുപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക/തടയുക.

4. ജല ദുരുപയോഗം തടയുന്നതിന് വെള്ളക്കരത്തിൽ മാറ്റങ്ങൾ വരുത്തുക.

5. ജലജന്യ രോഗങ്ങൾ പടരാതിരിക്കാൻ അണുനശീകരണം നടത്തിയതിന് ശേഷം ജലവിതരണം നടത്തുക.


6. വിതരണ ശൃംഖലയിൽ ലീക്കുകൾ കണ്ടെത്തിയാൽ താമസംവിന പരിഹരിക്കുക.

7. ഭൂജലപരിപോഷണ പ്രവർത്തനങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തുക.

8. ജലവിതരണ സമയക്രമം രണ്ടാഴ്ചയിലൊരിക്കൽ അവലോകനം നടത്തി മാറ്റങ്ങൾ ആവശ്യമെങ്കിൽ കൈക്കൊള്ളുക.

9. കെട്ടിട നിർമ്മാണം, വിവാഹ ആവശ്യങ്ങൾ എന്നിവയ്ക്കുള്ള ജലഉപയോഗം നിയന്ത്രിക്കുക

10. പുതിയ കണക്ഷനുകൾ നൽകുന്നത് കാലവർഷാരംഭത്തിന് ശേഷം മാത്രം പരിഗണിക്കുക.



# വിചാരണ

*കാലമേറെ കഴിഞ്ഞു കാട്ടു ചോലകൾ വറ്റി*
*മർത്ത്യനിന്നും കാത്തിരിപ്പൂ ഒരിറ്റു വെള്ളത്തിനായ്*
*തെളിനീരൊഴുകും പുഴ വറ്റി*
*തെളിനീരിലോടിക്കളിക്കും ചെറുമീനു ചത്തു*
*കാട്ടു ചോലയ്ക്കറിയില്ല ഇനിയെങ്ങ് പോകണം*
*അഗാധമാം അമ്മതൻ മേനിയിൽ കനിഞ്ഞിറങ്ങി*
*അപ്രത്യക്ഷമാകുമീ കാട്ടുചോലകൾ*
*ദാഹജലത്തിനായ് കേഴും മൃഗത്തെ നോക്കി*
*പല്ലിളിപ്പൂ എന്നോ മരിച്ച മൃഗത്തിൻ തലയോട്ടി*
*ഹെ മർത്ത്യാ കാണുന്നില്ലേ നീ ഈ നോവുകൾ*
*എവിടെ നിൻ ശാസ്ത്രം, ഒരു തുള്ളി വെള്ളം*
*കണ്ടെത്താതെ അനന്തയിൽ*
*നിൻ പ്രതിരൂപത്തിനായ് തിരഞ്ഞു നടപ്പൂ*
*ഇവിടിനിയില്ല കാട്ടുചോലതൻ കളകളാരവം*
*ഇവിടിനിയില്ല കിളികൾ തൻ കളകൂജനം*
*ഇല്ല മാറിയില്ലിവയൊന്നും വീണ്ടും വന്നെത്തിടും*
*പ്രകൃതി പുനസൃഷ്ടിയിലൂടെ കൊണ്ടു തന്നിടും*
*കാത്തു സൂക്ഷിക്കാം നമുക്കിനിയെങ്കിലും*
*പാതി വറ്റിയൊരീ കാട്ടുചോലയെ*



**രാജീവൻ കെ**
JPC വെള്ളമുണ്ട

# ജല ശുദ്ധീകരണത്തിന് പ്രഥമ പരിഗണന




കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്കിൽ രണ്ടാം ഘട്ടത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്താണ് കതിരൂർ. ജനസാന്ദ്രത ഏറെയുള്ള ഒരു ഗ്രാമപഞ്ചായത്താണ് കതിരൂർ. ഭൂരിഭാഗം വീടുകളിലും കിണറുകളിലും വേനൽക്കാലമാകുമ്പോഴേക്കും ജലദൗർലഭ്യം നേരിടുകയും ജലഗുണ നിലവാര പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ചെയ്ത് വരുന്ന കാലഘട്ടത്തിലാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 7 കുടിവെള്ള പദ്ധതികളിലായി 1444 കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം നടത്തി വരുന്നു. ജലനിധി പദ്ധതി പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ 121 കുടുംബങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതിയായിരുന്നു പറാംകുന്ന് കുടിവെള്ള പദ്ധതി. ശ്രീ. പ്രവീൺ, ശ്രീ രമേശൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഗുണഭോക്തൃ സമിതി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ അഹോരാത്രം പ്രയത്നിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒന്നാമതായി കമ്മീഷൻ ചെയ്യുവാനും സാധിച്ചു. ഗുണഭോക്തൃ സമിതി അംഗങ്ങളും, ഗുണഭോക്താക്കളും വളരെ സന്തോഷത്തിലായിരുന്ന സമയത്താണ് ജലഗുണനിലവാര പ്രശ്നങ്ങൾ ഉയർന്നു വരുന്നത്. ഒരോ ദിവസം കഴിയുന്തോറും ഇരുമ്പിന്റെയും കലക്കിന്റെയും പ്രശ്നങ്ങൾ കൂടിക്കൂടി വന്നു. വീടുകളിൽ ശേഖരിക്കുന്ന കുടിവെള്ളം ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലേക്ക് അധികം താമസിയാതെ എത്തിച്ചേർന്നു. ഈ അവസരത്തിൽ ഗ്രാമപഞ്ചായത്തും സഹായ സംഘടനയും ഗ്രാമപഞ്ചായത്ത് സപ്പോർട്ടിംഗ് ടീമും ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി "അയേൺ റിമൂവൽ പ്ലാന്റ്" സ്ഥാപിക്കുവാൻ സാധിച്ചു. 5 വർഷത്തെ തുടർ നടത്തിപ്പ്, എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിധേയമായി പ്ലാന്റ് സ്ഥാപിച്ച സ്ഥാപനം തന്നെ കൈകാര്യം ചെയ്തു വരുന്നു.



**ഷമീർ അലി**
പ്രൊജക്ട് കമ്മീഷണർ
കതിരൂർ ഗ്രാമപഞ്ചായത്ത്




# ജലസമൃദ്ധി
## ജലസാക്ഷരതാ യജ്ഞം

വരൾച്ച അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് വേൾഡ് ബാങ്ക് ടാസ്ക് ടീം ലീഡർ ശ്രീനിവാസ റാവു പൊടിപ്പുറെഡ്ഢി പറഞ്ഞു. റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ, സംസ്ഥാനത്തെ ഏഴ് കമ്മ്യൂണിറ്റി റേഡിയോകളുടെ സഹകരണത്തോടെ ജലനിധി നടപ്പാക്കുന്ന ജലസാക്ഷരതാ യജ്ഞ പരിപാടി 'ജലസമൃദ്ധി' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശുദ്ധീകരിച്ച ജലത്തെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് കൂടുതൽ അവബോധം ആവശ്യമാണെന്നും, കമ്മ്യൂണിറ്റി റേഡിയോകൾക്ക് ഇതിൽ നിർണ്ണായക പങ്ക് വഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. ശുദ്ധജല വിതരണം, ഭൂജല പരിപോഷണം, ഉത്തരവാദിത്ത പൂർണ്ണമായ ജലവിനിയോഗം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ജലസമൃദ്ധി – ജലസാക്ഷരതാ ബോധവത്കരണ പരമ്പര 26 ഭാഗങ്ങളിലായി കമ്മ്യൂണിറ്റി റേഡിയോകൾ പ്രക്ഷേപണം ചെയ്യും. ദ്വാരക മാറ്റൊലി റേഡിയോ നിലയത്തിൽ നടന്ന ചടങ്ങിൽ ജലനിധി ഓപ്പറേഷൻസ് ഡയറക്ടർ വി.എൽ. മോഹൻ കുമാർ അധ്യക്ഷത വഹിച്ചു. പിന്നാക്ക ജില്ലയായ വയനാട്ടിൽ സുസ്ഥിര വികസനത്തിനായി റേഡിയോ മാറ്റൊലി നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജലനിധി കണ്ണൂർ പ്രോജക്ട് ഡയറക്ടർ വി. ചന്ദ്രൻ, ഓപ്പറേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ ലാലച്ചൻ, മാനേജർ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ജോർജ്ജ് മാത്യു, ടെക്നിക്കൽ മാനേജർ ജയകുമാര വർമ്മ, വയനാട് ടി. ഡി.എസ് എ.യോഹന്നാൻ എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ നന്ദിയും പറഞ്ഞു.



# കാരുണ്യം ചുരത്തുന്ന ജലനിധി



എ.യോഹന്നാൻ
TDS& IEC
കൺസൾട്ടന്റ് (IC)

ജലനിധി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പങ്കാളിത്താധിഷ്ഠിത വികസന പ്രവർത്തനങ്ങളുടെ മകുടോദാഹരണങ്ങളാകുന്നു. സർക്കാർ ഉടമസ്ഥതയിൽ നിന്നും ജനകീയ ഉടമസ്ഥതയിലേക്ക് അവ ചേക്കേറുന്നു. ആസൂത്രണത്തിലും നടത്തിപ്പിലും തുടർനടത്തിപ്പിലും ജനകീയ ഇടപെടലുകൾ ഈ പദ്ധതിയെ ശക്തിമത്തും ജനകീയവുമാക്കുന്നു. അസഹിഷ്ണതയുടെ പ്രോക്താക്കൾ ജൽപനങ്ങൾ നടത്തുമ്പോഴും അചഞ്ചലമായി ഇത് മുന്നേറുന്നത് ഈ കാരണങ്ങൾക്കൊണ്ട് മാത്രമല്ല, ഈ പദ്ധതികൾ നടത്തിക്കൊണ്ടു പോകുന്ന ജനകീയ കമ്മിറ്റികളുടെ മനുഷ്യത്വപരമായ പ്രവർത്തനങ്ങളാലും കൂടിയാണ്.

കുടിവെള്ളം വിതരണം ചെയ്ത് കാശ് പിരിച്ച് ചെലവുകൾ നടത്തി ബാക്കിയുള്ളവ മിച്ചം പിടിക്കുക എന്ന കേവല വാണിജ്യ കാഴ്ചപ്പാടുകൾക്കപ്പുറം, നമ്മുടെ ബഹുഭൂരിപക്ഷം വരുന്ന സമിതികളും നിലപാടെടുക്കുന്നു. തങ്ങളുടെ ജീവിത പരിസരങ്ങളെ തിരിച്ചറിയാനും അർഹതയുള്ളവർക്ക് സഹായഹസ്തം നീട്ടാനും പല സമിതികളും സ്വയം പ്രേരിതമാകുന്ന കാഴ്ച അഭിനന്ദനാർഹമാണ്. കൂട്ടായ്മയുടെ ബലിഷ്ഠമായ കരങ്ങൾ അങ്ങനെയുള്ളവരെ പുൽകുമ്പോൾ വികസന ചരിത്രത്തിൽ സാന്ത്വനത്തിന്റെ പുതിയ അദ്ധ്യായങ്ങൾ രചിക്കപ്പെടുകയാണ്. വൃദ്ധമന്ദിരങ്ങൾക്കും, ആശ്രയമില്ലാത്ത വയോധികർ താമസിക്കുന്ന കുടുംബങ്ങൾക്കും, കിടപ്പുരോഗികൾക്കുമെല്ലാം സൗജന്യമായി ജലവിതരണം, മരണവീടുകൾക്ക് ഉപാധിരഹിതമായ ജലസേവനം, അംഗൻവാടികൾ ആശുപത്രികൾ തുടങ്ങി കരുണയുടെ സ്പർശം ആവശ്യമുള്ളിടത്തെല്ലാം ഇവരെത്തുന്നു.

സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബങ്ങളെ പദ്ധതിയിലുൾപ്പെടുത്താൻ പ്രത്യേക പാക്കേജുകളും പലിശ രഹിത വായ്പ ഉൾപ്പെടെ ചില സമിതികൾ നടപ്പിലാക്കുന്നു. പാലിയേറ്റീവ് മേഖലയിൽ സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന പല സമിതികൾ നമുക്കുണ്ട്. തങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം ഈ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നു. കിടപ്പുരോഗികൾക്ക് മാസം 1000 രൂപ വീതം 12 രോഗികൾക്ക് കഴിഞ്ഞ രണ്ടു വർഷമായി നൽകുകയാണ് നെന്മേനിക്കാർ. അതോടൊപ്പം പരസഹായം ആവശ്യമുള്ള രോഗികൾക്ക് ഇവർ ഉപകരണങ്ങളും വിതരണം ചെയ്യുന്നു.

കുട്ടികൾക്ക് പഠന ഉപകരണങ്ങൾ യൂണിഫോമുകൾ, ഫീസുകൾ എന്നിങ്ങനെ ജലനിധിയുടെ ഭാവനക്കപ്പുറമുള്ള പ്രവർത്തനങ്ങൾ കാഴ്ച വച്ച് മുന്നേറുകയാണ് നമ്മുടെ പദ്ധതികൾ – നന്മകൾ പൂക്കുന്ന കാലത്തേക്കുള്ള ചുവടുവയ്പുമായി.

**വായനക്കാരുടെ പ്രതികരണങ്ങൾ എന്ന പുതിയ പംക്തി ആരംഭിക്കുകയാണ്. നിങ്ങളുടെ പ്രതികരണങ്ങൾ iecrpmuknr@gmail.com, mcdknr@gmail.com എന്നിവയിലേക്ക് അയക്കുക.**

കിണർ റീചാർജ്ജിനേക്കുറിച്ച് കഴിഞ്ഞ ലക്കത്തിലുള്ള ലേഖനം സമയോചിതവും വിജ്ഞാന പ്രദവുമായിരുന്നു. തുടർന്നും ഇത്തരം സൃഷ്ടികൾ പ്രതീക്ഷിക്കുന്നു.

**എ.സി.ദേവസ്യ**
പ്രസിഡണ്ട്
വെളിമാനം ശുദ്ധജല വിതരണ പദ്ധതി
ആറളം ഗ്രാമപഞ്ചായത്ത്

മഴ മറന്ന വയനാട് എന്ന അകേഷ് ഇ.എ. യുടെ ലേഖനം വായിച്ചു. നമ്മുടെ ജീവിത ശൈലിയിലുള്ള മാറ്റങ്ങൾ കാരണം പ്രകൃതിയ്ക്കുണ്ടായ നാശം വളരെ ലളിതമായ വാക്കുകളിൽ ആഴമേറിയ അർത്ഥങ്ങളിലൂടെ വിശദീകരിച്ചിരിക്കുന്നു.

**ആതിര പി.**
സി.ഡി.എസ്., ജലനിധി പനമരം ജി.പി.

## ജലദൃഷ്ടി





# ഉറവിടമാലിന്യ സംസ്കരണത്തിലൂടെ പച്ചക്കറി സ്വയംപര്യാപ്തതയിലേക്ക്

## കോളയാട് ഗ്രാമപഞ്ചായത്ത്



**രഞ്ജിത് രാജൻ**
ജൂനിയർ എഞ്ചിനീയർ

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്ത് ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ നൂറുമേനി നേട്ടവുമായി മുന്നേറുന്നു. ജലനിധി പദ്ധതിയുടെ ഭാഗമായ ഗാർഹിക ശുചിത്വ പരിപാടിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 1544 വീടുകളിലാണ് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചത്. 6 ഇഞ്ച് വ്യാസവും ഒരു മീറ്റർ നീളവുമുള്ള അടപ്പോടുകൂടിയ രണ്ട് പി.വി.സി. പൈപ്പുകൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. പദ്ധതി ചെലവായി ഓരോ ഗുണഭോക്താവും നൂറുരൂപയും ഗ്രാമപഞ്ചായത്ത് 150 രൂപയും ബാക്കി തുകയായ 750 രൂപ ജലനിധിയുമാണ് ചെലവഴിച്ചത്. ശുചിത്വശീലത്തിന്റെ ബാലപാഠങ്ങൾ വീടുകളിൽ നിന്ന് ആരംഭിക്കണമെന്നും, ശുചിത്വം ഉറപ്പുവരുത്തുവാൻ ഉറവിട മാലിന്യ സംസ്കരണത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നുമുള്ള തിരിച്ചറിവാണ് ഇത്തരമൊരു പരിപാടി ആരംഭിക്കുവാൻ ഗ്രാമപഞ്ചായത്തിനെ പ്രേരിപ്പിച്ചത്. പദ്ധതിയുടെ നിർവ്വഹണ സമയത്ത് കമ്പോസ്റ്റ് യൂണിറ്റ് പരിപാലനത്തെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിയിരുന്നു.

വീട്ടിൽ ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങൾ മത്സ്യ - മാംസ അവശിഷ്ടങ്ങൾ, പച്ചക്കറി അവശിഷ്ടങ്ങൾ എന്നിവ പൈപ്പിൽ നിക്ഷേപിക്കുന്നു. രണ്ടാഴ്ചയിലൊരിക്കൽ പച്ചചാണകം കലക്കി പൈപ്പിൽ ഒഴിച്ചു കൊടുക്കുന്നത് കൊണ്ട് സംസ്കരണം വേഗത്തിലാക്കാൻ സഹായിക്കുന്നു. ഒരു പൈപ്പ് നിറഞ്ഞു കഴിഞ്ഞാൽ രണ്ടാമത്തെ പൈപ്പിലേക്ക് മാലിന്യം നിക്ഷേപിക്കുന്നു. രണ്ട് മാസം കഴിയുമ്പോഴേക്കും ആദ്യത്തെ പൈപ്പിലെ മാലിന്യങ്ങൾ തവിട്ടു കളറിലുള്ള പൊടിയായി മാറുന്നു. ഈ വളം ശേഖരിച്ച് പച്ചക്കറികൾ, വാഴകൾ എന്നിവയ്ക്ക് ഉപയോഗിക്കുന്നു. ഇതിനോടനുബന്ധിച്ച് എല്ലാ വീടുകളിലും തന്നെ അടുക്കളത്തോട്ടം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിപണിയിൽ നിന്ന് വിഷം കലർന്ന പച്ചക്കറി വാങ്ങി ഉപയോഗിക്കുന്നതിനു പകരം ജൈവപച്ചക്കറി വീട്ടാവശ്യത്തിന് ഉപയോഗിക്കുവാനും കഴിയുന്നു. പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതിലൂടെ ഉറവിട മാലിന്യ സംസ്കരണവും സാമ്പത്തിക നേട്ടവും വിഷരഹിത പച്ചക്കറികളുടെ ഉപയോഗവും സാധ്യമാകുന്നുണ്ടെന്ന് കോളയാട് ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ കറ്റ്യാട് പ്രദേശത്തെ വിമല സാക്ഷ്യപ്പെടുത്തുന്നു.

# ഗുണഭോക്തൃ സമിതികൾക്ക് മാതൃകയായി കോട്ടക്കടവ് ശുദ്ധജല വിതരണ പദ്ധതി



**അനിറ്റ തോമസ്**
സീനിയർ
എഞ്ചിനീയർ

ആലക്കോട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്ന കോട്ടക്കടവ് ശുദ്ധജല വിതരണ സമിതി മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് ജില്ലയിൽ തന്നെ ശ്രദ്ധേയമാവുകയാണ്. 2015-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടങ്ങിയ കോട്ടക്കടവ് ശുദ്ധജലവിതരണ പദ്ധതി. ജലവിതരണത്തിന്റെ കാര്യത്തിലായാലും, സാമൂഹ്യപ്രതിബദ്ധതയിലായാലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

കോട്ടക്കടവ് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2017 ഫിബ്രവരി 26 ഞായറാഴ്ച കുടുംബസംഗമം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മോളി മാനുവലിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി സുമിത്ര ഭാസ്കരൻ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ സമിതിയിലെ മുഴുവൻ അംഗങ്ങൾക്കും തുണിസഞ്ചി വിതരണവും പച്ചക്കറി വിത്ത് വിതരണവും നടന്നു. കടുത്ത ജലക്ഷാമം നേരിടുന്ന ഒരു കാലഘട്ടമാണ് ഇനി വരാൻ പോകുന്നത്. തദവസരത്തിൽ ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജലനിധി പദ്ധതിയുടെ സഹായ സംഘടനയായ സുസ്ഥിരയുടെ ഡയറക്ടർ ശ്രീ. സണ്ണി ആശാരിപറമ്പിൽ പ്രഭാഷണം നടത്തി. ശുചിത്വ മിഷന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ ശുചിമുറി സമിതിയിലെ അംഗമായ ശ്രീ. കെ.സി. രംഗൻ എന്ന വ്യക്തിക്ക് സമിതിയുടെ സാമ്പത്തിക സഹായത്തോടെനിർമ്മിച്ചു നൽകാൻ സാധിച്ചു. അതുപോലെ തന്നെ പ്രദേശത്തെ ശ്രീ.സുരേന്ദ്രൻ എന്ന വ്യക്തിക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലും അധ്വാനത്തിലൂടെയും സമിതി സഹായിച്ചിട്ടുണ്ട്. ഇതിലൂടെ പ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാനും അത്തരം പ്രവർത്തനങ്ങളിൽ മുന്നിൽ നിന്ന് നയിക്കാനും സമിതിക്ക് സാധിച്ചു വരുന്നു. പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷം ആയിട്ടും ഇതുവരെ യാതൊരു മുടക്കവും വരുത്താതെ എല്ലാ ദിവസവും ജലവിതരണം നടത്താൻ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ സംഭരണി നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം അനുവദിച്ചു കൊടുത്ത സമിതി അംഗത്തിന് 20 വർഷത്തേക്ക് സൗജന്യമായി വെള്ളം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. വെള്ളക്കരം എല്ലാ മാസവും 25ന് മുമ്പ് മീറ്റർ റീഡിംഗ് നടത്തി 5-ാം തീയ്യതിക്ക് മുമ്പായി പിരിച്ചെടുക്കുന്നത് കൃത്യമായി നടന്നു വരുന്നുണ്ട്. രണ്ടുമാസത്തിലൊരിക്കൽ മീറ്റിംഗ് വിളിച്ചു കൂട്ടുകയും വരവു ചെലവ് കണക്കുകൾ കൃത്യമായി അവതരിപ്പിച്ച് സമിതി തങ്ങളുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നു.


**എഡിറ്റർ**

**ചന്ദ്രൻ വി.**
റീജിയണൽ പ്രോജക്ട് ഡയറക്ടർ

**എഡിറ്റോറിയൽ ബോർഡ്**

**രാഹുൽ യു. എസ്.**
ഡപ്യൂട്ടി ഡയറക്ടർ (ഐ.ഇ.സി.)

**ജോർജ്ജ് മാത്യു**
മാനേജർ (കമ്മ്യൂണിറ്റി ഡവലപ്മെന്റ്)

**രാജേഷ് അന്തോളി**
(അക്കൗണ്ട്സ് ഓഫീസർ)

**ഉപദേശക സമിതി**

**സലീം** (ഡയറക്ടർ (എഫ്. & എ.)

**മോഹൻ കെ.** (ഡയറക്ടർ ടെക്നിക്കൽ)

**മോഹൻകുമാർ വി.എൽ.**
(ഡയറക്ടർ ഓപറേഷൻസ്)

**അരുൺരാജ് എസ്.**
(ഡയറക്ടർ എം.& ഇ.)

**പ്രേംലാൽ എം.**
(ഡയറക്ടർ എച്ച്.ആർ.ഡി.)

**പ്രസിദ്ധീകരണ ഏകോപനം**

**എ. യോഹന്നാൻ**
ട്രൈബൽ ഡവലപ്മെന്റ് സ്പെഷലിസ്റ്റ്
& ഐ.ഇ.സി (ഇൻചാർജ്ജ്)


ജലതരംഗം ദ്വൈമാസികയുടെ തുടർന്നുവരുന്ന പ്രസിദ്ധീകരണങ്ങൾക്ക് ക്രിയാത്മകവും ആകർഷകവുമായ സൃഷ്ടികൾ ക്ഷണിക്കുന്നു. സൃഷ്ടികൾ iecrpmuknr@gmail.com എന്ന ഇ-മെയിൽ അഥവാ
ദി എഡിറ്റർ,
ജലതരംഗം ദ്വൈമാസിക, ജലനിധി,
2nd Floor, Bldg. No. III/253, Near AKG Hospital
Thalap, Kannur - 670 002, Ph: 0497 - 2707601
എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

www.jalanidhi.kerala.gov.in


MIDAS KANNUR / 0497 2713655, 9447484821

Published by: Mr. Chandran. V, Regional Project Director, Regional Project Management Unit, Kerala Rural Water Supply and Sanitation Agency (KRWSA)
2nd Floor, Bldg No. III/253, Near AKG Hospital, Thalap, Kannur - 670 002, Phone : 0497 2707601 | E-mail : rpmukannur@gmail.com
www.jalanidhi.kerala.gov.in. Printed: Midas Printers, Kakkad Road, South Bazar, Kannur. Ph: 0497 2713655, 9447484821